بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 14.11.2014

## (20 MUHARRAM 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം വിശുദ്ധ ഖുർ ആനിലെ പത്താം അധ്യായം 58-ാം വചനം ഓതി. അർത്ഥം:- **“ജനങ്ങളെ, തീർച്ചയായും നിങ്ങളുടെ നാഥങ്കൽ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയങ്ങളിലുള്ള (എല്ലാ രോഗങ്ങൾക്കും) ശമനൗഷധവും നിങ്ങൾക്ക് വന്ന് കിട്ടിയിരിക്കുന്നു. വിശ്വാസികൾക്ക് മാർഗ്ഗ ദർശനവും കാരുണ്യവുമാകുന്നു.”** (അത്)

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ് ! ഹൃദയ രോഗങ്ങൾക്കുള്ള ചികിത്സാവിധികൾ വിവരിക്കുവാനുള്ള തൗഫീഖ് എന്റെ റബ്ബ് ഈ വെള്ളിയാഴ്ച എനിക്ക് പ്രദാനം ചെയ്തിരിക്കുകയാണ്. **‘ഹൃദയം’** എന്ന വിഷയത്തിന്റെ 7-ാം ഭാഗമാണിത്. ഹൃദയ രോഗങ്ങളുടെ ചികിത്സയും പ്രതിവിധിയും കുടികൊള്ളുന്നത്, പരിശുദ്ധവും പരിപൂർണ്ണവുമായ വിശ്വാസത്തോട് ഖുർ ആൻ അനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെയാണ്. സൂറ ഫാത്തിഹായ്ക്കു ശേഷം ഞാൻ ഓതിയ സൂറ യൂനുസിലെ വചനം നിങ്ങൾ പാരായണം ചെയ്യുകയും ചിന്തിക്കുകയും ചെയ്യുന്നതായാൽ ഇക്കാര്യങ്ങൾ നിങ്ങൾക്ക് ബോധ്യമാകുന്നതാണ്. ഹൃദയാന്ധതയ്ക്കുള്ള ശമനൗഷധമാണ് വിശുദ്ധ ഖുർ ആൻ. ശാരീരികാസുഖങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വിവരമില്ലായ്മ വളരെ വലിയ ഹൃദയ രോഗമാണ് എന്ന് മനസ്സിലാകും. ഹൃദയരോഗങ്ങളുടെ പ്രതിഫലനങ്ങളാണ് ദുഃസ്വഭാവം, തെറ്റായ വിശ്വാസങ്ങൾ, നാശോന്മുഖവും, വിദ്യാവിഹീനവുമായ ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയവ. വിശുദ്ധ ഖുർ ആൻ ഈ രോഗങ്ങൾക്ക് എല്ലാമുള്ള ശമനൗഷധമാണ്. ഖുർ ആൻ ഉപദേശങ്ങളാലും, കൽപ്പനകളാലും, മുന്നറിയിപ്പുകളാലും, പ്രോത്സാഹനങ്ങളാലും മറ്റും മറ്റും അത് ചികിത്സിക്കുന്നു.

ഹൃദയ രോഗത്തിന്റെ ചികിത്സകനാണ് ഖുർ ആൻ. കപടത, തികച്ചും ഒരു ഹൃദയ രോഗമാണ്. ഹൃദയങ്ങളിൽ ഒന്ന് സൂക്ഷിക്കുകയും, അതിന്റെ വിപരീതമായത് നാവുകൊണ്ട് പറയുകയും ചെയ്യുക എന്നത് ഹൃദയ രോഗങ്ങളിൽപ്പെട്ടതാണ്. ഇത്, യഥാർത്ഥത്തിൽ, കപട വിശ്വാസികളുടെ ലക്ഷണങ്ങളാണ്. അവർ ഹൃദയത്തിൽ ഒന്ന് വെയ്ക്കുകയും നാവുകൊണ്ട് മറ്റൊന്നു പറയുകയും ചെയ്യുന്നവരാണ്.

അവരെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു. **“അവരുടെ ഹൃദയങ്ങളിലില്ലാത്ത കാര്യങ്ങൾ അവർ തങ്ങളുടെ വായകൊണ്ട് പറയുന്നു.”** (3:168)

അല്ലാഹു (ത) ഹസ്രത് മുഹമ്മദ് (സ) നെ താഴെപ്പറയുന്ന വാക്കുകളാൽ ആശ്വസിപ്പിക്കുന്നു. **“ഓ ദൈവ ദൂതാ! തങ്ങളുടെ ഹൃദയങ്ങൾ വിശ്വസിക്കാതെ, അവരുടെ വായകൾ കൊണ്ട്, ‘ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു’ എന്ന് പറഞ്ഞവരിൽ നിന്ന് അവിശ്വാസത്തിലേക്ക് ധൃതിപ്പെട്ട് ചെല്ലുന്നവർ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ ! യഹൂദന്മാരിലും ചിലർ കള്ളമായ കാര്യങ്ങൾ വളരെ കേൾക്കുന്നവരാണ്.; നിന്റെ അടുക്കൽ വന്നിട്ടില്ലാത്ത മറ്റൊരു കൂട്ടർക്കുവേണ്ടി അവർ കേൾക്കുന്നവരാണ്. അവർ വചനങ്ങളെ അവയുടെ സ്ഥാനങ്ങളിൽ വയ്ക്കപ്പെട്ട ശേഷം (അവ) തെറ്റിച്ചു കളയുന്നു.“ ഇത് നിങ്ങൾക്ക് നൽകപ്പെട്ടാൽ അത് സ്വീകരിക്കുക, ഇത് നിങ്ങൾക്ക് നൽകപ്പെട്ടില്ലെങ്കിൽ നിങ്ങൾ ജാഗ്രതയായിരിക്കുക” എന്ന് അവർ പറയുന്നു. ആരെയെങ്കിലും അല്ലാഹു പരീക്ഷിക്കുന്നതിനുദ്ദേശിച്ചാൽ, അല്ലാഹുവിന്നെതിരിൽ, അയാൾക്കുവേണ്ടി നിനക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല. അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചിട്ടില്ലാത്ത കൂട്ടരാണവർ. അവർക്ക് ഇഹലോകത്ത് നിന്ദ്യതയുണ്ട്. പരലോകത്ത് അവർക്ക് കടുത്ത ശിക്ഷയുമുണ്ടായിരിക്കും.”** (5:42)

കപടവിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) മറ്റൊരു സന്ദർഭത്തിൽ പറയുകയുണ്ടായി. **“ അവർ അവരുടെ വായകൊണ്ട് താങ്കളെ തൃപ്തിപ്പെടുത്തുന്നു. അവരുടെ ഹൃദയങ്ങൾ അവ നിരാകരിക്കുന്നതാണ്.” അവരിൽ അധികംപേരും തെറ്റു ചെയ്യുന്നവർ തന്നെയാണ്. അല്ലാഹു (ത) പറയുന്നു. “ തങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെക്കുറിച്ച് അവരെ അറിയിച്ചുകൊടുക്കുന്ന ഒരധ്യായം അവർക്ക് എതിരിൽ ഇറക്കപ്പെടുന്നതിനെപ്പറ്റി കപടവിശ്വാസികൾ (പരിഹാസമായി) ഭയം നടിക്കുന്നു. പറയുക, നിങ്ങൾ പരിഹസിച്ചുകൊള്ളുക. തീർച്ചയായും നിങ്ങൾ ഭയം നടിക്കുന്നതിനെ അല്ലാഹു പുറത്തുകൊണ്ടു വരുന്നവനാണ്.”** (9:64)

**“ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്ക് നൽകിയാൽ തീർച്ചയായും തങ്ങൾ ദാനധർമ്മങ്ങൾ ചെയ്യുമെന്നും, തങ്ങൾ സദ്‌വൃത്തരിൽ ഉൾപ്പെട്ടവരാകുമെന്നും അല്ലാഹുവിനോട് കരാർ ചെയ്ത ചിലരും അവരിൽ (കപട വിശ്വാസികളിൽ) ഉണ്ട്. അങ്ങനെ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ധനം നൽകിയപ്പോൾ അവർ അത് കൊണ്ട് ലുബ്ധ് കാണിക്കുകയും അവഗണിച്ചുകൊണ്ട് പിൻതിരിയുകയും ചെയ്തു. അതിനാൽ, അല്ലാഹുവിനോട് അവർ ചെയ്ത വാഗ്ദാനം ലംഘിക്കുകയും അവർ കളവ് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്ത കാരണത്താൽ അവർ അല്ലാഹുവിനെ കണ്ടുമുട്ടുന്ന നാൾവരേക്കും അവരുടെ ഹൃദയങ്ങളിൽ (നിലനിൽക്കുന്ന) കാപട്യം അവൻ അവർക്ക് പകരമായി കൊടുത്തു.”** (9:75 – 77)

**<u>ഹൃദയത്തിൽ 6 കാര്യങ്ങൾ വന്നുകൊണ്ടിരിക്കുന്നു. : ജീവിതം, മരണം, ആരോഗ്യം, രോഗം, നിദ്ര, ഉണർവ്</u>**

1. **ഹൃദയത്തിന്റെ ജീവിതം എന്നത് മാർഗ്ഗദർശനമാണ്.**
2. **ഹൃദയത്തിന്റെ മരണം എന്നത് മാർഗ്ഗദർശനത്തിൽ നിന്നും തെറ്റലാണ്.**
3. **ഹൃദയത്തിന്റെ ആരോഗ്യം എന്നത് വൃത്തിയാകുന്നു.**
4. **ഹൃദയത്തിന്റെ രോഗമാണ്, അല്ലാഹു അല്ലാത്തതിനെ ആശ്രയിക്കുക എന്നത്.**
5. **ഹൃദയത്തിന്റെ ഉണർവ്വാണ് അല്ലാഹുവിനെ സ്മരിക്കുക എന്നത്.**
6. **ഹൃദയത്തിന്റെ നിദ്രയാണ് അല്ലാഹുവിനെ സ്മരിക്കാതിരിക്കുക എന്നത്.**

**<u>ഹൃദയത്തിന്റെ ചികിത്സയ്ക്ക് 5 മരുന്നുകളും പരിമള ലേപനൗഷധങ്ങളുമുണ്ട്. :</u>**

1. ശ്രദ്ധാപൂർവ്വം ഖുർആൻ പാരായണം ചെയ്യുക.
2. ആമാശയം കാലിയാക്കി വയ്ക്കുക.
3. ദൈവാരാധനയ്ക്കായി രാത്രിയിൽ ഉണർന്നിരിക്കുക.
4. നോമ്പ് തുറക്കുമ്പോഴും, ഇടയത്താഴ സമയത്തും കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കുക.
5. സത്യവാന്മാരെ നിങ്ങളുടെ കൂട്ടുകാരായി സ്വീകരിക്കുക.

വെള്ളിയാഴ്ച പ്രഭാഷണം ഞാൻ ഇന്നിവിടെ അവസാനിപ്പിക്കുകയാണ്. ഞാൻ ദു ആ ചെയ്യുന്നു. **“ യാ അല്ലാഹ് ! കപടതയിൽ നിന്നും ഞങ്ങളുടെ ഹൃദയങ്ങളെ നീ സംരക്ഷിക്കേണമേ !” ആമീൻ.**

ഇതേ വിഷയം അടുത്ത ആഴ്ചയിലും തുടരുവാനുള്ള തൗഫീഖ് അല്ലാഹു (ത) പ്രദാനം ചെയ്യട്ടെ ! ആമീൻ.

**<u>Translated & Issued By</u>**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*******